**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6498 — 08.11.2016 ൽ മറുപടിക്ക്

## ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും സൗജന്യ ചികിത്സ ഉറപ്പുവരുത്തുവാനും നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും സൗജന്യ ചികിത്സ ഉറപ്പുവരുത്തുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ: | (എ) | ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, സൗജന്യ മരുന്നു വിതരണം, ഡയാലിസിസ് യൂണിറ്റുകൾ, എല്ലാ ജില്ലാ ആശുപത്രിയിലും സി.റ്റി.സ്കാൻ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ആർ.എസ്.ബി.വൈ. പ്രകാരം കിടത്തി ചികിത്സയ്ക്ക് എത്ര തുക ലഭിക്കുന്നുവെന്നും ആയത് ലഭിക്കുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; ഇതിനായി മുൻ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര തുക ലഭിച്ചു; എത്ര പേർക്ക് സഹായം ലഭ്യമാക്കി; എത്ര തുക ചെലവായി; വിശദാംശം വെളിപ്പെടുത്താമോ; | (ബി) | ആർ.എസ്.ബി.വൈ ചിസ് പദ്ധതി പ്രകാരം, പദ്ധതിയിൽ അംഗമായിട്ടുള്ള ഒരു കുടുംബത്തിന് (പരമാവധി 5 അംഗങ്ങൾ) ഒരു വർഷം പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ സ്വകാര്യ ആശുപത്രികളിൽ നിന്നും 30,000/- രൂപ വരെ സൗജന്യ കിടത്തി ചികിത്സ ലഭ്യമാണ്. ഈ പദ്ധതി ആനുകൂല്യം ലഭിക്കാൻ പ്രസ്തുത കാലയളവിൽ സാധുതയുള്ള ആർ.എസ്.ബി.വൈ കാർഡ് ഉണ്ടായാൽ മതിയാകും. പദ്ധതി ആരംഭിച്ചതിനു ശേഷം ആനുകൂല്യം ലഭിച്ചവരുടെ വിവരവും അതിലേയ്ക്കായി ചിലവാക്കിയ തുകയും ചുവടെ ചേർക്കുന്നു. |

| Year | Number of families (in Lakhs) | Amount received and utilized (in crore) |
|---|---|---|
| 2008-10 | 11.78 | 51.00 |
| 2010-11 | 18.75 | 80.00 |
| 2011-12 | 28.01 | 205.00 |
| 2012-13 | 28.28 | 310.00 |
| 2013-14 | 29.73 | 219.49 |
| 2014-15 | 31.94 | 236.00 |
| 2015-16 | 31.94 | 216.00 |
| 2016-17 | 32.53 | 167.03 |

| | | | |
|---|---|---|---|
| (സി) | എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്കായി നിലവിലുള്ള ചികിത്സാ ധനസഹായ പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും വ്യവസ്ഥകൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (സി) | ബി.പി.എൽ വിഭാഗങ്ങൾക്കായി (ഒരു കുടുംബത്തിലെ 5 പേർക്ക്) ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നൽകുന്നുണ്ട്. ആർ.എസ്.ബി.വൈ കാർഡ് ഉണ്ടായാൽ മതിയാകും. |
| (ഡി) | പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പാക്കാനായി എല്ലാ ചികിത്സ ധനസഹായ പദ്ധതികളെയും ആരോഗ്യ വകുപ്പിൻ കീഴിൽ തന്നെ ഒരു "പൊതു ആരോഗ്യ സഹായ സംവിധാന പദ്ധതി" യാക്കി മാറ്റുന്ന കാര്യം പരിഗണിക്കാമോ; ഇതിനായി അടിയന്തിര നടപടി സ്വീകരിക്കാമോ? | (ഡി) | ആർ.എസ്.ബി.വൈ, ചിസ് പ്ലസ് , കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയ പദ്ധതികൾ ഏകീകരിച്ച് ഒരു സാമൂഹികാരോഗ്യ പദ്ധതിയാക്കുന്ന പ്രക്രിയ ഗവൺമെന്റ് തലത്തിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ